കണ്ണൂർ കന്റോൺമെന്റ് പ്രദേശത്ത് സംസ്ഥാന പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് നടപടി

104 (4727) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ കന്റോൺമെന്റ് പ്രദേശത്ത് സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതികളൊന്നും പ്രാബല്യത്തിൽ വരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് എന്തുകൊണ്ടെന്ന് അറിയിക്കുമോ ;

(സി) കന്റോൺമെന്റ് പ്രദേശത്ത് താമസിക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കണ്ണൂർ കന്റോൺമെന്റ് ഭരണസമിതിയെ പ്രാദേശിക സ്വയം ഭരണ സ്ഥാപനമായി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ആക്ട്മൂലം രൂപപ്പെടുത്തിയ കന്റോൺമെന്റ് പ്രദേശത്ത് സംസ്ഥാന പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയില്ല.

(സി) വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ സാമൂഹിക സുരക്ഷാ പെൻഷനുകൾ ഇപ്പോൾ നൽകി വരുന്നുണ്ട്. കന്റോൺമെന്റ് പ്രദേശത്ത് നിന്ന് ലഭിക്കുന്ന അപേക്ഷകൾ പരിശോധന നടത്തി കണ്ണൂർ നഗരസഭയിലേയ്ക്ക് അയച്ചു കൊടുക്കുകയും കണ്ണൂർ നഗരസഭയിൽ നിന്ന് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ കന്റോൺമെന്റ് ആക്ടിന്റെ അടിസ്ഥാനത്തിലാണ് കണ്ണൂർ പോലുള്ള കന്റോൺമെന്റ് പ്രദേശം നിലവിലുള്ളത്. സ്റ്റേഷൻ കമാണ്ടന്റ് എക്സ് ഒഫീഷ്യോ പ്രസിഡന്റായും കൂടാതെ തെരഞ്ഞെടുക്കപ്പെട്ടവരും നാമനിർദ്ദേശം ചെയ്യപ്പെട്ടവരുമായ കന്റോൺമെന്റ് ബോർഡിനാണ് ഈ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങളടക്കമുള്ള കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ ബാദ്ധ്യതയുള്ളത്. പ്രത്യേക കേന്ദ്ര നിയമം മുഖേന സ്ഥാപിച്ചിരിക്കുന്നതിനാൽ നിലവിലുള്ള മുനിസിപ്പാലിറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ കന്റോൺമെന്റ് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനമായി അംഗീകരിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly